(എ) കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ മരുന്ന് സംഭരണത്തിനായി കോളേജ് കാമ്പസിനോട് ചേർന്ന് വെയർ ഹൗസ് സ്ഥാപിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

ആയുർവേദ ഔഷധങ്ങളുടെ ഗുണനിലവാര പരിശോധന

97 (4900) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആയുർവേദ ഔഷധങ്ങളുടെ ഗുണനിലവാര പരിശോധനയുടെ ഭാഗമായി, 2014-15 വർഷത്തിൽ എത്ര പരിശോധനകളാണ് നടത്തിയത് ; പ്രസ്തുത പരിശോധനയിൽ ഗുണനിലവാരമില്ലാത്ത എത്ര ഔഷധങ്ങളാണ് കണ്ടെത്തിയതെന്ന് അറിയിക്കാമോ ?

ഉത്തരം

2014-15 വർഷത്തിൽ ആയുർവേദ ഔഷധങ്ങളുടെ ഗുണനിലവാര പരിശോധനയ്ക്കായി 433 ആയുർവേദ ഔഷധ സാമ്പിളുകൾ പരിശോധിച്ചിട്ടുണ്ട്. പ്രസ്തുത പരിശോധനയിൽ 10 സാമ്പിളുകൾ ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയിട്ടുണ്ട്.

കോഴിക്കോട് മേഖലാ അനലിറ്റിക്കൽ ലാബ്

98 (4901) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മേഖലാ അനലിറ്റിക്കൽ ലാബിൽനിന്ന് സമയ ബന്ധിതമായി പരിശോധനാഫലം ലഭ്യമാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഓഫീസിൽ ജീവനക്കാരുടെ എത്ര തസ്തികകൾ ഉണ്ടെന്നും എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്നും വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്ഥാപനത്തിലെ യന്ത്രസാമഗ്രികൾ സമയബന്ധിതമായി റിപ്പയർ ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് മേഖലാ അനലിറ്റിക്കൽ ലാബിൽനിന്ന് സമയബന്ധിതമായി പരിശോധനാ ഫലം ലഭ്യമാകുന്നുണ്ട്.

(ബി)

ക്രമ നമ്പർ	തസ്തികയുടെ പേര്	അനുവദിക്കപ്പെട്ട എണ്ണം	ഒഴിഞ്ഞ് കിടന്ന തസ്തിക
1	ഗവൺമെന്റ് അനലിസ്റ്റ്	1	...
2	ഡെപ്യൂട്ടി ഗവൺമെന്റ് അനലിസ്റ്റ്	2	2
3	റിസർച്ച് ഓഫീസർ	7	...
4	ജൂനിയർ റിസർച്ച് ഓഫീസർ	7	...
5	മൈക്രോബയോളജിസ്റ്റ്	1	...
6	ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-1	7	...
7	ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-2	7	...
8	സാമ്പിൽ കളക്ടർ	1	...
9	ഹെഡ് ക്ലാർക്ക്	1	...
10	കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	1	...
11	സീനിയർ ക്ലാർക്ക്/ക്ലാർക്ക്	3	1
12	ക്ലാർക്ക്-ടൈപ്പിസ്റ്റ്	1	...
13	ഓഫീസ് അറ്റൻഡന്റ്	2	1
14	പായ്ക്കർ	1	...
15	ജൂനിയർ ലാബ് അസിസ്റ്റന്റ്	6	1
16	നെറ്റ് വാച്ച്മാൻ	1	...
17	പാർട്ട്ടൈം സ്വീപ്പർ	3	...

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്ഥാപനത്തിലെ എല്ലാ ഉപകരണങ്ങൾക്കും ആനുവൽ മെയ്ന്റനൻസ് കോൺട്രാക്ട് എടുക്കുവാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുള്ളതും ഉപകരണങ്ങളിൽ അടിയന്തര സാഹചര്യങ്ങളിലുള്ള റിപ്പയർ നടത്തുന്നതിനോ സ്പെയർ പാർട്ട്സുകൾ വാങ്ങിക്കുന്നതിനോ 25000 രൂപ വരെ ചെലവാക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ

99 (4902) ശ്രീ. സി. ദിവാകരൻ :
ശ്രീ. വി. ശശി :
ശ്രീ. കെ. രാജു :
ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മരുന്നിന്റെ ഗുണനിലവാരം സർക്കാർ ലാബിൽ പരിശോധിച്ചശേഷമേ വിപണിയിലെത്തിക്കാവൂ എന്ന നിബന്ധനയുണ്ടോ ;

(ബി) സംസ്ഥാനത്ത് പ്രതിവർഷം എത്ര ബ്രാന്റഡ് മരുന്നുകൾ വിപണിയിലെത്തുന്നുണ്ട് ;

(സി) സർക്കാർ ലാബുകളിലെല്ലാംകൂടി പ്രതിവർഷം എത്ര സാമ്പിളുകൾ പരിശോധിക്കുന്നതിനുള്ള സൗകര്യമുണ്ട് ;

(ഡി) വിപണിയിലെത്തുന്ന മരുന്നുകളുടെ ഗുണനിലവാരം കൃത്യമായി പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്താനാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾ 1945-ലെ ഷെഡ്യൂൾ എം പ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങൾക്കും പ്രസ്തുത ഷെഡ്യൂൾ നിർദ്ദേശിക്കുന്ന വ്യവസ്ഥകൾക്കും അനുസൃതമായി എല്ലാ മരുന്ന് നിർമ്മാതാക്കളും തങ്ങൾ നിർമ്മിക്കുന്ന ഓരോ ബാച്ച് മരുന്നുകളുടെയും തീവ്രമായ ഗുണനിലവാരം ഉറപ്പാക്കിയശേഷമാണ് വിതരണത്തിനായി വിപണിയിൽ എത്തിക്കുന്നത്. ആയത് വകുപ്പിലെ ഉദ്യോഗസ്ഥർ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലായി മരുന്ന് നിർമ്മാണശാലകൾ പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ഇതിന് പുറമേ

LIBRARY ARCHIVES Kerala Legislative Assembly